കിറ്റ്സിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ

27(*207) ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ടൂറിസം വ്യവസായവുമായി ബന്ധപ്പെട്ട മേഖലയിലെ മനുഷ്യവിഭവം ഗുണമേന്മയുള്ളതാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഏതെല്ലാം മേഖലയിൽ എത്രലക്ഷം പേരെ ലക്ഷ്യം വച്ചുകൊണ്ടുള്ള കോഴ്സുകളും പരിശീലന പദ്ധതികളുമാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(സി) ടൂറിസം വകുപ്പിന് കീഴിലുള്ള കിറ്റ്സിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ഡി) കിറ്റ്സിന്റെ കീഴിൽ എത്ര സെന്ററുകൾ പ്രവർത്തിക്കുന്നു ; അവയുടെ പ്രവർത്തനം വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) ടൂറിസം മേഖലയിൽ മെച്ചപ്പെട്ട മാനവശേഷി വിനിയോഗത്തിനായി 'ലെറ്റസ് ലേൺ' എന്ന പേരിൽ സമഗ്രമായ ഒരു പരിശീലന പരിപാടിക്ക് ടൂറിസം വകുപ്പ് രൂപം നൽകിയിട്ടുണ്ട്. കേരളത്തിലെ ഹോട്ടലുകളിലും ട്രാവൽ ടൂറിസം രംഗത്തും തൊഴിൽ എടുക്കുന്നവരുടെ വൈദഗ്ദ്ധ്യവും കഴിവും വർദ്ധിപ്പിക്കുന്നതിന് സഹായകമാവുന്ന തരത്തിലുള്ള പരിശീലന പരിപാടികളാണ് ടൂറിസം വകുപ്പ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. കൂടാതെ ടൂറിസം രംഗത്ത് മെച്ചപ്പെട്ട മാനവശേഷി വികസനത്തിനായി ടൂറിസം വകുപ്പിന്റെ കീഴിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്), ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് കോഴിക്കോട് എന്നീ സ്ഥാപനങ്ങൾ പ്രവർത്തിച്ച് വരുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ കീഴിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ്, ആന്റ് കാറ്ററിംഗ് ടെക്നോളജി എന്ന സ്ഥാപനം കോവളത്ത് പ്രവർത്തിക്കുന്നു. കേരളത്തിലെ ടൂറിസം മേഖലയിൽ മികച്ച പ്രൊഫഷണലുകളെ സൃഷ്ടിച്ചെടുക്കുന്നതിനായി നിലവിൽ ടൂറിസം കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളെക്കുറിച്ചും കോഴ്സുകൾ, പാഠ്യപദ്ധതി, ഫീസ്, ഫാക്കൽറ്റി, ലൈബ്രറി, തൊഴിൽ സാദ്ധ്യതകൾ എന്നിവയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനും ഹെവിറ്റ് അസോസിയേറ്റ്സ് എന്ന സ്ഥാപനം മുഖേന പഠനം നടത്തിയിട്ടുണ്ട്. നിലവിലുള്ള അക്കാദമിക് കോഴ്സുകൾക്കും പരിശീലന പദ്ധതികൾക്കും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുക, പുതിയ കോഴ്സുകൾ ആരംഭിക്കുക എന്നീ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ടൂറിസം പഠന രംഗത്ത് ഗുണപരമായ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിച്ച് പരീക്ഷ നടത്തുന്നതിനും സർട്ടിഫിക്കറ്റ് നൽകുന്നതിനും മറ്റും ഏകീകൃതമായ മാനദണ്ഡം കൊണ്ടുവരാനും ഉദ്ദേശിച്ച് C-QUEST എന്ന സ്ഥാപനം രൂപീകരിക്കാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടൂറിസം മേഖലയിൽ കൂടുതൽ മാനേജ്മെന്റ് പ്രൊഫഷണലുകളെ സൃഷ്ടിക്കുന്നത് ലക്ഷ്യമിട്ട് കിറ്റ്സിൽ 2008-ൽ ഒരു ബാച്ചിൽ 60 കുട്ടികൾ എന്ന കണക്കിൽ എം.ബി.എ. ട്രാവൽ ആന്റ് ടൂറിസം കോഴ്സ് ആരംഭിച്ചിട്ടുണ്ട്. ഇതിനുപരിയായി ടൂറിസം വ്യവസായത്തിന്റെ ആവശ്യം പരിഗണിച്ച് ഹ്രസ്വകാല കോഴ്സുകൾക്ക് രൂപം നൽകി നടത്തിവരുന്നു. ടൂറിസം കേന്ദ്രങ്ങളിൽ ഗൈഡുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതലത്തിലും ലോക്കൽ തലത്തിലും പ്രവർത്തിക്കുന്ന ഗൈഡുകൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നുണ്ട്. കൂടാതെ അടുത്ത മൂന്നു വർഷത്തിനുള്ളിൽ 40,000 ജീവനക്കാർക്ക് വിദഗ്ദ്ധ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. ടൂറിസവുമായി ബന്ധപ്പെട്ട ഫുഡ് ആന്റ് ബിവറേജസ് പ്രൊഡക്ഷൻ, ഫുഡ് ആന്റ് ബിവറേജസ് സർവ്വീസ്, ഫ്രണ്ട് ഓഫീസ്, ഹൗസ് കീപ്പിംഗ് എന്നീ വിഷയങ്ങളിലാണ് പരിശീലനം നൽകാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(സി) കിറ്റ്സിൽ പുതിയ കൂടുതൽ കോഴ്സുകളും പരിശീലനപരിപാടികളും നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി അടുത്തവർഷം മുതൽ വ്യവസായം, ഭരണം, നയരൂപീകരണം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന ഉന്നത ഉദ്യോഗസ്ഥർക്കും മറ്റ് പ്രൊഫഷണലുകൾക്കുമായി Executive Development Programme, സംരംഭകത്വ വികസനത്തിന് Entrepreneurship Development Programme, വ്യവസായവുമായി കൂടുതൽ അടുത്തിടപഴകുന്നതിന് വിദ്യാർത്ഥികൾക്ക് അവസരം നല്കാൻ Industry Institute Partnership Cell, മെഡിക്കൽ ടൂറിസത്തിൽ ഹ്രസ്വകാല കോഴ്സ് തുടങ്ങിയവ ആരംഭിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ട് വരുന്നു.

(ഡി) കിറ്റ്സിന്റെ കീഴിൽ എറണാകുളം (പള്ളുരുത്തിയിലും) തലശ്ശേരിയിലുമായി 2 സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. കിറ്റ്സിന്റെ തലശ്ശേരി സെന്ററിൽ പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ഡിപ്ലോമാഇൻടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി എയർലൈൻസ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം എന്നീ ഹ്രസ്വകാല കോഴ്സുകളാണ് പ്രധാനമായും നടത്തുന്നത്. കൂടാതെ ടൂറിസം മേഖലയിൽ ടാക്സി ഡ്രൈവേഴ്സിനും വനസംരക്ഷണ സമിതി അംഗങ്ങൾക്കും പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. കിറ്റ്സിന്റെ പള്ളുരുത്തി സെന്ററിൽ പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ഫ്രണ്ട് ഓഫീസ് ആന്റ് ഹൗസ് കീപ്പിംഗ് സർട്ടിഫിക്കറ്റ് കോഴ്സ് എന്നീ പ്രധാന കോഴ്സുകൾ നടത്തുന്നുണ്ട്. കൂടാതെ ലോക്കൽ ഗൈഡിന്റെ ഒരു പരിശീലന പരിപാടി കഴിഞ്ഞ വർഷം നടത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly